ഒറ്റപ്പെട്ടു പോയ ഏതാനും മനുഷ്യരുടെ ഏകാന്തലോകങ്ങൾക്ക് രൂപം നൽകാൻ മറ്റു മിക്ക ആധുനിക കലാകാരന്മാരേയും പോലെ അദ്ദേഹവും യത്നിക്കുന്നു. അദ്ദേഹത്തിന്റെ ബോധ മണ്ഡലങ്ങളിൽ ആഞ്ഞുപതിക്കുന്നത് പ്രത്യക്ഷയാഥാർത്ഥ്യങ്ങളല്ല, പരോക്ഷങ്ങളായ ആന്തരിക യാഥാർത്ഥ്യങ്ങളാണ്. അതിനാൽത്തന്നെ യാഥാർത്ഥ്യവും ഭ്രമകല്പനയും ഇടകലർന്ന ഒരു വിചിത്രലോകമാണ് അദ്ദേഹം തന്റെ കൃതികളിൽക്കൂടി അനാവരണം ചെയ്യുന്നത്. നമ്മുടെ സാമാന്യബോധത്തിന്റേതായ സംഭവ്യതാസങ്കൽപ്പങ്ങളെയൊക്കെ വെല്ലുവിളിച്ചുകൊണ്ടുള്ള കഥാഖ്യാനമായി ഇത് തോന്നാമെങ്കിലും സ്വന്തം അന്തർമണ്ഡലത്തിൽ ത്രസിച്ചു നിൽക്കുന്ന ദർശനം അനുഭവവേദ്യമാക്കുന്നതിന് ഇതിനേക്കാൾ ഫലപ്രദവും രസനീയവുമായ രീതി കണ്ടെത്തുക വിഷമമാണ്. മനശ്ശാസ്ത്രപരമായ ഉൾക്കാഴ്ചയോടെ കഥാപാത്രങ്ങളുടെ സ്വപ്ന ലോകത്തിൽ കടന്നു ചെല്ലുന്ന ഭാവനാസമ്പന്നനായ ഈ കഥാകൃത്ത് സംഭവ്യകതകളേയും, അസംഭവ്യകതകളേയും വേർതിരിക്കുന്നതിൽ ഉത്സുകനല്ല തന്നെ. നോവലിന്റെ ഏകാഗ്ര തീവ്രമായ ഭാവശില്പത്തിന് ഭ്രമാത്മകസങ്കേതങ്ങൾ വളരെയേറെ സഹായിക്കുന്നുവെന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് 'നിയോഗം' എന്ന് അതിശയോക്തി കൂടാതെ പറയാം. സംവേദനക്ഷമത യുള്ള ഒരു വായനക്കാരന്റെ ബോധമണ്ഡലത്തെ വിസ്മയഭരിതവും ജിജ്ഞാസാദീപ്തവുമാക്കാൻ ഈ നോവൽ ശില്പത്തിനുള്ള കഴിവ് തർക്കമറ്റതത്രെ.

*(ഇ. നാരായണൻ നമ്പ്യാർ - മാതൃഭൂമി - ജൂൺ '89)*

സ്വപ്നധൂസരമായ ഈ നോവലിന്റെ ഭാവമണ്ഡലത്തിൽ കാലദേശങ്ങളുടെ പരിധി കൽപ്പിക്കാത്ത മേഖലയിൽ ഒരു നിയോഗത്തിന്റെ അനിവാര്യതയോടെ കഥാപാത്രങ്ങൾ മിന്നി മറയുന്നു. ശുദ്ധ കലയുടെ തലത്തിൽ ഒരു സ്വപ്നപ്രതീതി സൃഷ്ടിക്കുകയാണ് ഈ നോവൽ ചെയ്യുന്നതെന്ന് പറയാം. നോവലാകെ ഓടിനടക്കുന്ന, അദൃശ്യമായ നൂലുകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന കഥാ പാത്രങ്ങൾ തങ്ങളുടെ പാരസ്പര്യത്തിലൂടെ ജീവിതത്തിന്റെ ദുരൂഹതകളിലേക്കും ജനിമൃതികളുടെ രഹസ്യങ്ങളിലേക്കും നമുക്ക് തനതായ ഉൾക്കാഴ്ചകൾ തരുന്നു. ആത്മീയാന്വേഷണത്തിന്റെ അനിവാര്യതയിലേക്ക് സ്വയമുണരുന്ന നോവലിസ്റ്റിന്റെ ചിന്തകൾ കനം വെയ്ക്കുന്നതിന്റെ മിക വുറ്റ തെളിവുകൾ 'നിയോഗ'ത്തിലുണ്ട്. ശിവലിംഗത്തിൽ നിന്ന് നടരാജവിഗ്രഹത്തിലേക്കുള്ള പരിണാമം ശരീരത്തിൽ നിന്നും ആത്മാവിന്റെ ലാസ്യത്തിലേക്കുള്ള മാറ്റത്തിന്റെ പ്രതീകമാണ്. നോവലിസ്റ്റിന്റെ രചനാസങ്കേതത്തിൽ ഇതിനു സമാനമായ ഒരു മാറ്റം നമുക്ക് ദർശിക്കാം. 'പാണ്ഡവപുര'ത്തിൽ നിന്ന് 'നിയോഗ'ത്തിലേക്കുള്ള അകലം ശരീരത്തിൽ നിന്ന് ആത്മാവി ലേക്കുള്ളതാണ്.

*(വി.എം. വിനയകുമാർ - മനോനഗരങ്ങളിൽ രാപ്പാർക്കുന്നവർ - മാതൃഭൂമി)*

പലേ അർത്ഥതലങ്ങളുള്ള പാണ്ഡവപുരത്തിന്റെ ഒരു ബാക്കിപത്രമെന്നോ, തുടർച്ചയെന്നോ ആക്ഷേപമില്ലാതെ പറയാവുന്ന ഒരു രചനയാണ് സേതുവിന്റെ നിയോഗം. പാണ്ഡവപുര ത്തിലെ ദേവിയുടെ നിശ്വാസത്തിൽ നിന്ന് പൊട്ടിത്തഴച്ചവരാണ് നിയോഗത്തിലെ കമലാക്ഷി -

അമ്മേടത്തിമാർ. 'പാണ്ഡവപുര'ത്തിലെ പുരുഷപ്രതിഷ്ഠയുടെ സ്ഥാനം നിയോഗത്തിലെ ദാമോദരൻമാസ്റ്റർക്കാണ്. താന്ത്രികമതത്തിലെ അനുഷ്ഠാനങ്ങളുടെ മന്ത്രശുദ്ധിയാണ് സ്ത്രീ പുരുഷബന്ധങ്ങളെ അഴിച്ചിട്ട് എണ്ണിത്തിട്ടപ്പെടുത്തുന്നിടത്തൊക്കെ സേതു കാണുക. ആരോ ഹണാവരോഹണങ്ങളുള്ള സ്ത്രീപുരുഷബന്ധങ്ങളുടെ ഒരു ഗ്രാഫ് വരച്ചെടുക്കാൻ നിയോഗ ത്തിലെ സേതുവിനോളം മറ്റു നോവലിസ്റ്റുകൾക്ക് കഴിഞ്ഞിട്ടില്ല.

*(തുമ്പമൺ തോമസ് - ദീപിക - 8.01 89)*

'പാണ്ഡവപുര'ത്തിലെന്ന പോലെ ശക്തമായൊരു പ്രമേയം സേതു 'നിയോഗം' എന്ന നോവലിലും അവതരിപ്പിക്കുന്നു. തികച്ചും ഭാരതീയമായ ദർശനപദ്ധതികളുടെ അടിസ്ഥാന ത്തിൽ ചിന്തിച്ചാൽ മാത്രമേ 'നിയോഗ'ത്തിന്റെ അകക്കാമ്പ് കണ്ടെത്താനാവൂ....പഴയ ഭാരതീയ വിശ്വാസപ്രകാരം യജ്ഞം കൊണ്ട് ദേവന്മാരോടും, വേദാധ്യയനം കൊണ്ട് ഋഷിമാരോടും പുത്രോല്പാദനം കൊണ്ട് പിതൃക്കളോടും കടം വീട്ടാൻ നാം ബാധ്യസ്ഥരാണ്. ഋണത്രയത്തിനു പകരം മനുഷ്യരെക്കൂടി ഉൾക്കൊള്ളിച്ച് പിൽക്കാലത്തുണ്ടായ ഋണചതുഷ്ഠയമാണ് സേതു വിന് സ്വീകാര്യം. ദൈവങ്ങളോടുള്ളതിൽ കൂടുതൽ കടപ്പാട് നമുക്ക് മനുഷ്യരോടുണ്ടല്ലോ. മനുഷ്യസ്നേഹിയായ നിയോഗകർത്താവ് അന്വേഷിക്കുന്നത് ഇങ്ങനെ കടം വീട്ടാൻ വിധിക്കപ്പെട്ട മനുഷ്യരുടെ ജീവിതദു:ഖത്തിന് മറുമരുന്നാണ്.

*(പി.ജി.സോമനാഥൻനായർ-പിറവിയുടെ പൊരുൾ തേടുന്ന സൂതികർമ്മിണി-മാതൃഭൂമി -20.8.89)*

സങ്കീർണ്ണവും ദുരൂഹവുമായ മനുഷ്യാവയവമാണല്ലോ മനസ്സ്. കാമനകളുടെയും ചോദനകളു ടെയും ദമനം, മനസ്സിനെ കൂടുതൽ സങ്കീർണ്ണവും ജടിലവുമാക്കും. അടക്കപ്പെടലും ഒതുക്ക പ്പെടലും സഹിക്കപ്പെടലും താരതമ്യേന സ്ത്രീമനസുകളിൽ കൂടുതൽ നടക്കുന്നതിനാൽ സങ്കീർ ണ്ണതയും വക്രതയും സ്ത്രീമനസിൽ കൂടുതലുണ്ടാകും. സ്വയം ആവിഷ്കാരം നേടി വിമലീകൃതമാ കേണ്ട ഭാവരാശികൾ ദമനം കൊള്ളുമ്പോൾ ഭാവാന്തരം വന്ന് വൈകൃതാവസ്ഥയിൽ പുറന്ത ള്ളപ്പെടാം. നിയോഗത്തിലെ കമലാക്ഷി, അമ്മേടത്തി, കാർത്തുവമ്മ എന്നീ കഥാപാത്രങ്ങളുടെ സവിശേഷ മനോഭാവങ്ങൾ ഈ നിഗമനത്തെ സാധൂകരിക്കുന്നു.

*(എം. കൃഷ്ണൻ നമ്പൂതിരി - അദമ്യകാമനകളുടെ നിയോഗകഥകൾ - സാംസ്കാരികവികാരം - ജനു. 2003)*

അഞ്ചു കഥാപാത്രങ്ങളിലൂടെ ജീവിതമെന്ന സമസ്യയെക്കുറിച്ചന്വേഷിക്കുന്ന നോവലിസ്റ്റ് നിയോഗത്തെ പുത്തനായൊരു വായനാനുഭവമാക്കി മാറ്റുന്നുണ്ട്. ദേശത്തിലെ പിറവികൾക്ക് സാക്ഷിയായ കാർത്തുവമ്മയാകട്ടെ പിറവിയുടെ പൊരുളന്വേഷിക്കുകയാണ്. ഇങ്ങനെ പല തലങ്ങളിലൂടെ വിടർന്നു വികസിക്കുന്ന നിയോഗം ആധുനിക നോവൽ സാഹിത്യത്തിൽ വേറിട്ടു

നിൽക്കുന്ന ഒന്നാണ്, തീർച്ച. കൃത്രിമത്വമില്ലാത്ത തെളിഞ്ഞ ഭാഷയും മികച്ച കയ്യൊതുക്കവും നിയോഗത്തിന്റെ ആഖ്യാനത്തെ സൂക്ഷ്മവും ഗഹനവുമാക്കിത്തീർത്തിട്ടുണ്ട്. പല വായന കൾക്ക് ഊർജ്ജമരുളുന്ന നിയോഗം, നോവൽ പ്രപഞ്ചത്തിന്റെ അപാരവും ചൈതന്യവത്തു മായ കരുത്തിൽ ജീവിതത്തെ നോക്കിക്കാണുന്നു. ഈ നോവൽ വായിക്കൂ, ജീവിതത്തിന്റെ വൈവിധ്യമാർന്ന ദാർശനിക സമസ്യകളെ ഹൃദയം കൊണ്ട് സ്പർശിക്കുവാൻ നിങ്ങൾക്ക് കഴിയും.

*(പി.എം.ഷുക്കൂർ - നിയോഗത്തിലെ ആന്തരിക ലോകം - ഗ്രന്ഥാലോകം - മാർച്ച് '09)*

ഏതു പുസ്തകവും വായനയ്ക്കെടുക്കുമ്പോൾ ആദ്യം നടക്കുന്നതു സ്വീകരണമാണല്ലോ. ആ പുസ്തകത്തെ സ്വീകരിക്കുമ്പോൾ അതിന്റെ പാഠത്തെയാണ് അയാൾ സമ്മതിക്കുന്നത്. അതിന്റെ പരിസരത്തിലേക്ക് ചരിത്രത്തിൽ നിന്നും സൗന്ദര്യ നിരീക്ഷണത്തിൽ നിന്നുമുള്ള ചേരുവകളെ സ്വീകരിക്കുമ്പോൾ ആശയങ്ങളുടെ കലാപം ആരംഭിക്കുന്നു. 'നിയോഗം' വായിക്കുമ്പോഴും ഈ വിധത്തിലുള്ള ഒരു സാംസ്കാരിക ചരിത്രത്തിന്റെയും മതപരിവേഷത്തിന്റെയും സൗന്ദര്യശാസ്ത്രാർ ജ്ജിത കനവുകളുടെയും സംയോജനം ബോധപൂർവ്വമായിട്ടെന്ന പോലെ ആവശ്യപ്പെടുന്നുണ്ട്. അപ്പോഴേ, വായന പൂർണ്ണമാവുകയുള്ളൂ. നിയോഗത്തിന്റെ രചനയിൽ സേതു ബോധപൂർവ്വം നിബന്ധിച്ചിരിക്കുന്ന രൂപകങ്ങളും മിത്തുകളും നമ്മോടാവശ്യപ്പെടുന്നതും ഈ വിധമൊരു വ്യാഖ്യാനത്തിന്റെ ചേരുവകളാണ്. ജീവിതത്തെ, സങ്കീർണ്ണവും അവ്യാഖ്യേയങ്ങളുമായ മനുഷ്യ ജന്മങ്ങളെ, ചോദ്യമില്ലാത്ത ശിക്ഷാവിധികളെ, കടന്നുപോകാൻ വിധിക്കപ്പെട്ട നിയോഗ ങ്ങളെയെല്ലാം ഒരു വിഹ്വലസ്വപ്നത്തിന്റെ മായികമുദ്രകളിലൂടെ സേതു ഈ നോവലിൽ അവതരിപ്പിക്കുന്നു.

*(ഡോ. മാത്യു ഇലഞ്ഞി - രചനയുടെ നിയോഗങ്ങൾ - സേതു - എഴുത്തും വായനയും - മാർച്ച് 2011)*